
# Ohana



NIRMALA H.S THARIODE




# Nirmala High School Thariode



വിദ്യാഭ്യാസത്തിന് പരമപ്രധാനമായ സ്ഥാനമുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.വിവരവിനിമയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിദ്യാഭ്യാസം സാധാരണമായി കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഈ ഹൈടെക്ക് രീതി വിദ്യാർത്ഥികളിലേക്കെത്തിക്കാൻ ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ 'ഒഹാന' വിദ്യാർത്ഥികളുടെ സർഗവാസന പരിപോഷിപ്പിക്കാൻ ഏറെ സഹായിച്ചു.ഇനിയും ലിറ്റിൽ കൈറ്റ്സിന് മുൻപോട്ടുള്ള ആശയങ്ങൾ പ്രവർത്തന സജ്ജമാവട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ,
മോബിൻ ജോർജ്ജ്
(SCIT)

വിവരവിനിമയ സാങ്കേതിക വിദ്യ അതിന്റെ അത്യുന്നതിയിൽ എത്തിനിൽക്കുന്ന ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ലോകം മുഴുവൻ ഒരു വിരൽത്തുമ്പിലേക്ക് എന്ന് വാദിക്കുമ്പോൾ വിവരസാങ്കേതിക വിദ്യ വിജ്ഞാന സൗഹൃദത്തോടെ കൂട്ടിയോജിപ്പിച്ച് ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ 'ഒഹാന' എന്ന മാഗസിന് വിദ്യാർത്ഥികളെ സ്വപ്നം കാണാൻ കഴിവുള്ളവരാക്കി മാറ്റാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.



സ്നേഹത്തോടെ,
ഗ്ലാഡീസ് ജോർജ്ജ്
( H M )

സഹൃദയരെ,

നമ്മുടെ പൊതുവിദ്യാഭ്യാസരംഗം അനുദിനം ശാക്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.കംപ്യൂട്ടർവൽക്കരണം സാർവ്വത്രികമായിക്കഴിഞ്ഞു. വിവരസാങ്കേതിക മേഖലയിലുള്ള പരിജ്ഞാനം കൊണ്ട് വിദ്യാർഥികൾക്ക് പുത്തൻ ഉണർവാണ് നൽകിയിരിക്കുന്നത്. പുതിയ മാറ്റത്തോടൊപ്പം പുതിയ അന്വേഷണങ്ങളുമായി ഞങ്ങളുമുണ്ട്. ഞങ്ങൾക്കുറപ്പുണ്ട് ഐ.ടി മേഖലയിൽ ഭാവിയിലെ അടയാളപ്പെടുത്തലുകളായി ഞങ്ങളുമുണ്ടാകും.

ഇത് ഞങ്ങളുടെ പ്രഥമ സംരംഭം "ഒഹാന മാഗസിൻ". പരിമിതികളുണ്ടെങ്കിലും സ്വീകരിച്ചാലും.

സ്നേഹത്തോടെ,

എഡിറ്റർ

# *EDITORIAL BOARD*

***Chief Editor*** : ***Atheendra kiran P S***

***Sub Editors*** : ***Adhil T***
***Aldrin Stanly***
***Chinmay P***
***Nanditha J P***
***Fathima Thasni***
***Niranjana Das***
***Nasrya Rinu***
***Dhiya K Manoj***

Ohana

## രചനകളിലൂടെ.....

വികസനമെന്ന്യനവലോകം.......................................8
വരും തലമുറയ്ക്കായി.......................................9
ആർക്കുവേണ്ടി.......................................10
MESSENGER OF HEAVEN .......................................12
പറയാതെ വയ്യ.......................................13
വിടരും മുൻപെ.......................................15
വികസനത്തിന്റെ പാതയിൽ.......................................16
രാത്രി.......................................18
സഫലമീയാത്ര.......................................19
DROPS OF LOVE.......................................20
പരിസ്ഥിതിയെ കുറിച്ച് അറിയാം.......................................21
I T IN DEVELOPMENT.......................................23
സുസ്ഥിര വികസനം.......................................25
MOBILE PHONE BOON OR BANE.......................................27
തേൻ കൊതി.......................................29
മൃത്യു.......................................31
കമ്പ്യൂട്ടർ വിദ്യാദ്യാസം.......................................32
ഭാവീ സ്വപ്നം.......................................34
വികസനം.......................................35
റോസാപ്പൂവ്.......................................36
RENEWABLE FORMS OF ENERGY.......................................37
ആരൊക്കെ വന്നിട്ടും.......................................39
അറവുശാലകളിലേക്കുള്ള ലോറികൾ.......................................40
MOHAN LAL IMAGE.......................................42
തടയാം അശാസ്ത്രീയമായ
വികസനം.......................................43
Little Kites Members List.......................................44

# വികസനമെന്യേ നവലോകം

കാലം ഇരുണ്ട വഴിയിലെ മന്ത്രം - വികസനം

മണ്ണിനെ കൊന്നോർ.....

മഴയെ കൊന്നോർ.....

പുഴയെ കൊന്നോർ....

വനമേൽ തീ കൊളുത്തി മനവും മരവും എരിച്ചോർ.....

എന്തേ.....ഇവർ ഇങ്ങനെ?

എന്തെന്നറിയാതെ ഏതോ വഴിയെ പടർന്നോർ.....

പണമെന്നു കേട്ടാൽ പെറ്റമ്മയയെ പോൽ കൊല്ലാൻ

മടിക്കാത്തോർ.....

വികസനമന്യേ ജീവതമില്ലത്തോർ .....

വികസനം താൻ തൻ  അഭിമാനം എന്നരുളുന്നോർ.....

വികസനം എന്നൊരാലങ്കാരം വൃക്ഷത്തിനുമുണ്ടെന്നറിയത്തോർ.....

എന്തേ ഇവരിങ്ങനെ?

വിസിതമന്യേ ഇരിപ്പൂ തൻ മനം.....

സഹനം....സഹനം....സർവ്വസസഹയെ

ഒരിക്കൽ ഞാൻ ഉഗ്രരൂപിണിയാകും എന്നു തീർച്ചാ.....

- ആദിൽ . ടി

# വരും തലമുറക്കായി..




-ഫിയോണ

# ആർക്കുവേണ്ടി........?????

ഒരു രാഷ്ട്രത്തിന്റെ ശാരീരക ഭൗതിക പുരോഗതിയെയാണ് വികസനം എന്നും നാം വിളിക്കുന്നത്.വികസിത രാജ്യമെന്നാൽ കേവലം ആഡംബര ജീവിതം നയിക്കുകയും കെട്ടിടങ്ങൾക്കു മീതെ കെട്ടിടങ്ങൾ പടുത്തുയർത്തുന്നതുമല്ല മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ ഉൾകൊണ്ട് എവരും തന്റെ ജീവിതം ലളിതപൂർണ്ണമാക്കി തീർക്കുന്നതിനെയാണ്. വികസനം ജനങ്ങളുടെ നന്മയെയാണ് ലക്ഷ്യം വെക്കേണ്ടത്.സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി വികസനം വഴിതിരിച്ചുവിടരുത്. എവർക്കും തുല്യ നേട്ടങ്ങൾ ലഭിക്കുന്ന പ്രവർത്തനമായിരിക്കണം വികസനം എന്ന പേരിൽ അറിയപ്പെടേണ്ടത്. അഴിമതിയുടെയും അലസതയുടെയും നേർസാക്ഷ്യമായി മാറിയ ഒരു പൊതുതലമുറയാണ് നാം ഇന്ന് കണ്ടു കൊണ്ടിരിക്കുന്നത്.
വികസനം നാടിന്റെ ക്ഷേമത്തിനു വേണ്ടി, സാധാരണ ജനങ്ങൾക്കു വേണ്ടി ഉപകരിക്കപ്പെടേണ്ട ഒന്നാണ് .
വികസനം രൂപീകരണത്തിന് ചില മുൻകരുതലുകൾ തയാറാക്കേണ്ടതുണ്ട്. വരും വർഷങ്ങൾ കൂടി മുന്നിൽ കണ്ടു കൊണ്ട് വേണം ഓരോ പ്രവർത്തനങ്ങളും . മനുഷ്യന്റെ മൂല്യങ്ങളെയും, അടിസ്ഥാന ആവശ്യങ്ങളെയും മുൻനിർത്തിയാണ് വികസനം വളരേണ്ടത്.

പ്രകൃതിയെ ചൂഷണം ചെയ്യാതെ. പ്രകൃതിയോട് സൗഹൃദപരമായ വികസനമാണ് നാം മുന്നിൽ കാണേണ്ടത്.

ഇന്ന്, പരിസ്ഥിതിയെ നാം ചർച്ചചെയ്യുന്നത് പലപ്പോഴും വികസനത്തെ കൂട്ടുപിടിച്ചാണ്. പ്രകൃതിയുടെ നാശത്തിനു വികസനം ഒരു കാരണമായി മാറുകയാണ്.പ്രകൃതിയെ സംരക്ഷിച്ചു കൊണ്ടാവണം നാം വികസനം നടപ്പിലാക്കേണ്ടത്. വികസനത്തിന്റെപേരിൽ നാം പ്രകൃതിയെ ചൂഷണം ചെയ്യുമ്പോൾ അതിന്റെ അനന്തരഫലം നാം തന്നെയാണ് അനുഭവിക്കുന്നത്.നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന കാലവസ്ഥ വ്യതിയാനങ്ങൾ ഇതിന് ഉദാഹരണമാണ്.നമുക്ക് നമ്മുടെ നാടിനെ സുരക്ഷിതമായ ഒരു ആവാസകേന്ദ്രമായി വരും തലമുറയ്ക്ക് നൽകാം .

-നന്ദിത ജെ പി

# MESSENGERS OF HEAVEN

Angels with lovely heart
By wearing beautiful shirt
Messengers of peace and happy
Makes the people so snappy

Human mind changes by them
While changes them to handsome
Cure the illness of the mind
That the human cannot find

They are from heaven
Comes to ignore you seven
Do you ever seen an angel?
No one hadn't seen such a thing
Till TODAY..........

Rena Basheer

# പറയാതെ വയ്യ


ഇങ്ങനെ ഒരു തലവാചകം കേൾക്കുമ്പോൾ നിങ്ങൾക്ക് ടിവിയിൽ ഷാനി പ്രഭാകരൻ നടത്തുന്ന പ്രതിവാര പരിപാടിയാണോ എന്ന് സംശയം ഉണ്ടാകും. എന്നാൽ അതല്ല; ഞാൻ അയാളുടെ മോട്ടിവേഷൻ ക്ലാസ്സ് രണ്ടാംതവണയാണ് കേൾക്കുന്നത് .ഞാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു  അദ്ദേഹം  പലതവണ ആവർത്തിച്ചു പറയുന്ന ഒരു വാക്കാണ്  പറയാതെ വയ്യ.ഭാവിജീവിതം  ധന്യമാക്കുന്നതിനും ഭദ്രമാക്കുന്നതിനുമുള്ള ടിപ്സ് കടിച്ചാൽ പൊട്ടാത്ത വാക്കുകൾ ഉപയോഗിച്ച് അയാൾ വിശദീകരിക്കുന്നുണ്ടായിരുന്നു.എങ്കിലും പരിപാടി കഴിഞ്ഞ് വീട്ടിലേക്ക് നടക്കുന്ന വഴിയിൽ അയാൾ പറഞ്ഞ ആ കഥ മാത്രമാണ് എൻറെ മനസ്സിൽ ഒരു നീറ്റൽ  ഉണ്ടാക്കിയത് . അതൊരു സാങ്കല്പിക കഥയാണെങ്കിലും അതിലൊരു  സത്യം ഇല്ലേ? ഈ ഒരു കഥ നാട്ടിൽ നടന്ന സംഭവങ്ങളുമായി ചേരുംപടി ചേർക്കുന്നു ഉണ്ടായിരുന്നു  എൻറെ മനസ്സ്.ആ കർഷകൻറെ വീട്ടിലെ ആടും കുതിരയും ആയിരുന്നല്ലോ വിഷയം. ആരോഗ്യവാനായ ആ കുതിര ഒരു ദിവസം പെട്ടെന്ന് തളർന്നുവീണു.പിറ്റേദിവസം കുതിരയെ എഴുന്നേൽക്കാതെ കണ്ട യജമാനൻ തൻറെ സുഹൃത്തിനോട് ഈ വിവരം പറഞ്ഞു .ഏതു കുതിരയും തളർന്നു വീണാൽ മൂന്നു ദിവസത്തിനുള്ളിൽ അത് സ്വയം എഴുന്നേറ്റില്ലെങ്കിൽ അതിനെ അറുത്തു കളയാനല്ലാതെ മറ്റൊന്നിനും പറ്റില്ല ഇതായിരുന്നു കൂട്ടുകാരൻറെ മറുപടി. ഇത് കേട്ട  ആടിന് സഹിക്കാൻ പറ്റിയില്ല . ആട്  കുതിരയോട് വിവരം പറഞ്ഞു.

രണ്ടാം ദിവസവും എഴുന്നേൽക്കാതെ കണ്ട കുതിരയോട് ആട് വീണ്ടും പറഞ്ഞു നാളെ വരെയാണ് യജമാനൻ നിനക്ക് സമയം അനുവദിച്ചിട്ടുള്ളത് സർവ്വശക്തിയും ഉപയോഗിച്ച് നീ എഴുന്നേൽക്കാൻ ശ്രമിക്കണം ഇല്ലെങ്കിൽ നിൻറെ ജീവൻ അപകടത്തിലാണ്.അത് തിരിച്ചറിഞ്ഞ കുതിര സർവ്വശക്തിയും ഉപയോഗിച്ച് എഴുന്നേറ്റുനിന്നു .യജമാനന് വളരെയധികം സന്തോഷമായി . അയാൾ തൻറെ കൂട്ടുകാരെ മുഴുവൻ വിവരമറിയിച്ചു.എൻറെ കുതിര എഴുന്നേറ്റിരിക്കുന്നു! ആ സന്തോഷം പങ്കിടുവാൻ നിങ്ങളെ എല്ലാവരെയും വീട്ടിലേക്ക് ക്ഷണിക്കുന്നു . യജമാനൻെറ സന്തോഷം പ്രകടിപ്പിക്കാൻ വേണ്ടി അയാൾ തയ്യാറാക്കിയ ഭക്ഷണം നിഷ്കളങ്ക മനസ്സുള്ള ആടിനെ അറുത്തു കൊണ്ടായിരുന്നു.

ഈ ആടിന് സമാനമായ ജീവിതാനുഭവമുള്ള ആളുകളെ നിങ്ങൾക്കും പരിചയം ഉണ്ടാവില്ലേ?മറ്റുള്ളവരെ സഹായിച്ചതിന് പേരിൽ അല്ലെങ്കിൽ ചിലരുടെ നൈമിഷിക സുഖത്തിനുവേണ്ടി ബലിയാട് ആകേണ്ടി വരുന്ന ചിലരെയെങ്കിലും.

....അയാളുടെ കയ്യിൽ ഒരു കവറും അതിൽ പുസ്തകങ്ങളും ഉണ്ടായിരുന്നല്ലോ ;ആ കവർ മുഴുവനും ഇത്തരം നന്മകളും ചിന്തകളും അലിഞ്ഞു ചേർന്ന കഥകൾ ആയിരിക്കും .അതെ അയാൾ ആ കവർ സ്റ്റോറിയുമായി വീണ്ടും യാത്ര തുടർന്നു ......

-നസ്റിയ റിനു



# വീടുയരും മുൻപേ

വീടുയരും മുൻപേ മതിലുയരുന്നു
വീട്ടുകാരനെ കാണും മുൻപെ കാവൽ
പട്ടി കുരച്ചുചാടുന്നു
പെണ്ണുചോതിക്കും മുൻപേ
ഭൂമിയുടെ വിസ്തീർണം തിരക്കുന്നു
മാസശമ്പളത്തിമൻ
അക്കങ്ങളെത്രയെന്നുതിരക്കുന്നു
നാമിങ്ങനെ വികസിച്ചാൽ നാളെ
നാടെന്താവുമോ...............?

-ഫെമിൽ

# വികസനത്തിന്റെ പാതയിൽ.....

നമ്മുടെ നാട് ഇപ്പോൾ വികസനത്തിന്റെ പാതയിലാണ് സഞ്ചരിക്കുന്നത്. അനുദിനം വർധിക്കുന്ന വികസന പ്രവർത്തനങ്ങളിൽ ഓരോ തലവും നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിന് നാമോരോരുത്തരും സാക്ഷിയാണല്ലോ.സാങ്കേതിക തലങ്ങളിലേക്കും വികസനപ്രവർത്തനങ്ങൾ വിന്യസിച്ചിരിക്കുന്നു.മനുഷ്യരുടെ ചിന്താഗതിയെയും കണ്ടുപിടിത്തങ്ങളെയും ഉന്നതിയിലേക്ക് നയിക്കാൻ വികസനം കൊണ്ട് സാധ്യമാണ്.നാടിന്റെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിക്കു വികസനം അനിവാര്യമാണ്.

എന്നാൽ ഈ വികസനപ്രക്രിയ പലപ്പോഴും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാറുണ്ട്.വികസനത്തിന്റെ പേരിൽ പ്രകൃതിയോടുള്ള മനുഷ്യന്റെ ചൂഷണം അനുദിനം വർധിച്ചുവരുകയാണ്. മനുഷ്യന്റെ അതിരുവിട്ട പ്രവർത്തനങ്ങൾ നമുക്ക് തന്നെ തിരിച്ചടിയായേക്കാം.ഇതിന്റെയെല്ലാം അനന്തരഫലമായിപ്രളയം,വരൾച്ച,വെള്ളപ്പൊക്കം,മണ്ണിടിച്ചിൽ,തുടങ്ങി പ്രകൃതിദുരന്തങ്ങൾക്ക് മനുഷ്യർ ഇരയായിമാറും.മനുഷ്യൻ സ്വീകരിച്ചുവരുന്ന അനഭിലഷണീയവും അശാസ്ത്രീയവുമായ വികസനപ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതിയുടെയും ഭൂമിയുടെയും നിലനിൽപ്പ് തന്നെ അപകടത്തിലായേക്കാം.ഭൂമിയിലെ ചൂടിന്റെ

വർധനവ്,കാലാവസ്ഥ വ്യതിയാനങ്ങൾ,ശുദ്ധജലക്ഷാമം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ നമ്മെ അലട്ടുന്നുണ്ട്.നമ്മുടെ നഗരങ്ങളെല്ലാം മലിനീകരണത്തിന്റെ മാരക ഫലങ്ങൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു.ഭൂമിയെ സുരക്ഷിതവും ഭദ്രവുമായ ഒരു ആവാസകേന്ദ്രമായി നിലനിർത്തുകയും സുഖവും ശീതളവുമായ ഒരു ഹരിതകേന്ദ്രമായി വരും തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് അനിവാര്യമാണ്.പരിസ്ഥിതി സംരക്ഷണത്തെ കഴിയുന്നത്ര ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കണം വികസനം നടപ്പിലാക്കേണ്ടത്.പ്രകൃതിദത്ത ദുരന്തം സ്വഭാവിക പ്രക്രിയയാണ്.അത് നിർത്താൻ നമുക്ക് കഴിയില്ല.പക്ഷെ ചില തയാറെടുപ്പുകൾ നടത്തിക്കൊണ്ട്,നഷ്ടത്തിന്റെ അളവ് ജീവിതത്തിലേക്കും സ്വത്തിലേക്കും കുറയ്ക്കാൻ കഴിയും.

-ഫാത്തിമ തെസ്നി

# രാത്രി

മാനത്തമ്പിളി വിരിയണ കണ്ടാൽ
നെഞ്ചിനകത്തൊരു തേൻ കൂട്
രാവിൽ നീല നിലാവിൻ യവനിക
ഞൊറിയുമ്പൊഴോ രസമാണ്
ഇല്ല മറന്നിട്ടില്ലെൻ കാതുകൾ
രാക്കിളിപ്പാട്ടിൻ സംഗീതം
ചൂളം കുത്തി നീളെപ്പായും
രാത്രിരമഴയുടെ സല്ലാപം
പൂത്തമരങ്ങൾ  ചിരിക്കുമ്പോൾ
സുഗന്ധം നീളെ പരക്കുമ്പോൾ
എന്റെ മനസ്സൊരയു തേൻ വണ്ടായി
പാറിനടപ്പൂയിവിടെങ്ങും

-chinmay.p

# സഫലമീയാത്ര

മരണത്തിലേക്കുള്ള നമ്മുടെ യാത്രയിൽ വീണുകിടക്കുന്ന ഓർമ്മകൾ ഉണ്ടാവും.

ചില സമയങ്ങളിൽ അവ ഓർമ്മിക്കാൻ നാം നിർബന്ധിതരാണ്. ഓർമ്മപ്പൂക്കൾ ചിലത്, ഏറെ വേദനിപ്പിക്കുന്നവയുമാണ്. മറവി ഒരു അനുഗ്രഹമാണ് എന്ന് പറയാറുണ്ടെങ്കിലും പല പ്പോഴും ഓർമ്മകൾ വിഷമത്തിനു വഴി ഒരുക്കുന്നു.

വർത്തമാനത്തിലെ വേദനകൾക്ക് ഇന്നലെക്കുറിച്ചുള്ള ചില സുന്ദരമായ ഓർമ്മകളാണ് ഔഷധമായിതിരുന്നത്.സുഖവും ദു:ഖവും കലർന്ന ജീവത്തിൽ തളരാതെ പിടിച്ചുനിൽക്കാൻ നമ്മുക്ക് കഴിയണം.

-സാനിയ വർഗീസ്
IX-A

# ***DROPS OF LOVE***



***On cold misty mornings,***
***When the fluffy white clouds***
***Become dull and green in colour,***
***We know it is going to cry***
***And then it arrives,***
***With a heart shaking thunder***
***Which fill our hearts***
***With a mixture of fear and excitement,It soaks***
***The enchanting fragrance of wet soil ,with***
***Occupies the cold atmosphere.***
***It varnishes the fields with***
***An almighty glow.***
***And gives a refreshing coolness.***
***To the forests...***
***But it suddenly departs without informing***
***Leaving behind an enchanting rainbow***
***To tell us that it will come back!***

***-Ann Rose***

# പരിസ്ഥിതിയെക്കുറിച്ച് അറിയാം....

ഭൂമിയിലെ ജീവനുള്ളതും ജീവനില്ലാത്തതുമായ വസ്തുക്കളെക്കുറിച്ച് ഉള്ള പഠനമാണ്.പരിസ്ഥിതിശാസ്ത്രം പാരിസ്ഥിക വിഷയങ്ങളെക്കുറിച്ചുള്ള പഠനത്തിന് സമഗ്രവും വിശാലവുമായ അടിത്തറ നമുക്കു നൽകുന്നു.പരിസ്ഥിതി ശാസ്ത്രകാരന്മാർ ഭൗമ പ്രതിഭാസങ്ങൾ, പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ, മലിനീകരണ നിയന്ത്രണം, പ്രകൃതി വിഭവങ്ങളുടെ ഉത്തരവാദിത്തോടെയുള്ള കൈകാര്യം മുതലായവിഷയങ്ങളെകുറിച്ചുള്ള പഠനങ്ങളും ഗവേഷണവും നടത്തുന്നു.സങ്കീർണ്ണമായ പാരിസ്ഥിതിക വിഷയങ്ങൾ അപഗ്രഥിക്കാനും അവയെക്കുറിച്ച് പഠനം നടത്താനും ഒരു സ്വാതന്ത്ര ശാസ്ത്രശാഘയുടെ ആവശ്യം ഉയർന്നു വന്നത് 1960-1970 കാലഘട്ടത്തിലാണ്.ജനങ്ങൾക്കിടയിൽ പാരിസ്ഥിതിക വിഷയങ്ങളെക്കുറിച്ചുള്ള അവഗാഹം കൂടിയതും ശക്തമായ പരിസ്ഥിതി നിയമങ്ങൾ കൊണ്ടുവരാൻ തുടങ്ങിയതുമാണ് പരിസ്ഥിതി

ശാസ്ത്രശാഖയുടെ ഉദ്ഭവത്തിനു പ്രധാന

കാരണമാണെന്ന് പറയാം...!

**-Muhammed Nihal EE**
**9D**



# I T In Development

The term Development could be defined as the process of developing or being developed. Let us now see what I T development is about. I T development is the development in the field of technology. Introduction of Smart gadgets, foldable smart phones, devices of IoT etc. proves that I T field is undergoing development recently.

Remote Robots, Smart Home Gadgets, self-driving cars etc. are some of the recent inventions in the field of technology. The development in the IT industry promotes the growth of the society. Since technology has turned to be an inevitable factor in various fields such as education, economics it is utterly clear that IT industry does a lot for the welfare of the society.

IT field also plays a crucial role in developing various sectors such as agriculture, medical field, banking industry, space science etc.

Satellite mapping of agricultural field, controlled watering equipments are some of the inventions brought to the agricultural sector by IT industry.

Environmental sector is also benefited by technology. Calculation of deforestation rate using satellite, invention of sewage treatment machineries etc. could contribute to the development and protection of the environment. In short IT industry plays an all-round crucial role in the development process.

However, IT industry sometimes affect the people badly. This is often due to the attacks of man itself. Technology has enough Evil hidden in it to spoil a generation. Just like the proverb. “Too much of anything is good for nothing” , excessive use of technological equipments like  mobile phones and computers could adversely affect the physical, mental and social life of individuals.

Let us be aware about how Technology must be utilised. Let us also hope for a generation that is well aware of the effects of technology in the world.

-Allen J Shaju

# സുസ്ഥിര വികസനം

കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി നിലനിർ
ത്തുവാനും ഭാവിതവമുറയ്ക്ക് ഇവിടെ ജീവിതം സാധ്യമാക്കുവാനും കുടിവെള്ളം, കൃഷി, ഭക്ഷ്യസുരക്ഷ, ഊർജ്ജം, നഗരവികസനം എന്നിവ സാധ്യമാക്കുവാനും സംസ്ഥാനം സുസ്ഥിര വികസനമെന്ന ഹരിത വികസനത്തിലേക്ക് ചുവടുമാറ്റം നടത്തേണ്ടതായിട്ടുണ്ട്. 1992-ൽ ഇന്ത്യയടക്കം 130 രാജ്യങ്ങൾ പങ്കെടുത്ത റിയോഡിജനിറോയിൽ നടന്ന ഭൗമഉച്ചകോടിയിലെ മുഖ്യ അജണ്ടയും സുസ്ഥിര വികസനം എന്നതായിരുന്നു.

ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യന്റെ പ്രകൃതിയുടെ മേൽ നടന്ന കടന്നുകയറ്റം ലോകത്തെ ഇത്തരത്തിൽ ചിന്തിപ്പിക്കുന്നതിന് ഇടവരുത്തി. വികസനത്തിന്റെ പേരിൽ അന്തരീക്ഷത്തിലേക്ക് വ്യവസായികൾ തള്ളുന്ന വിഷവായു, വനനശീകരണം, കൃഷിയിൽ ഉപയോഗിക്കുന്ന അമിതമായ രാസവള-കീടനാശിനിപ്രയോഗം,നദികളുടെ ഗതിമാറ്റിയുള്ള ഉപയോഗം, വിളകളുടെ ജനിതകമാറ്റം, ജനസംഖ്യവിസ്ഫോടനം, അമിതമായ വ്യവസായവൽക്കരണം, ഫോസിൽ ഇന്ധനങ്ങളുടെ അമിതമായ ഉപയോഗം, ജലം വിൽസനവും


മനുഷ്യന്റെ നിലനിൽപ്പിന് ഭീഷണിയായിരിക്കുകയാണ്.

മാനവരാശി അവലംബിക്കുന്ന സാമ്പത്തിക നയങ്ങൾ വൻ പരിസ്ഥിതി നാശത്തിലേക്കാണ് ലോകസമൂഹത്തെ കൊണ്ടെത്തിച്ചിരിക്കുന്നത്. ആഗോള പരിസ്ഥിതിയും വികസനവും സംബന്ധിച്ച കമ്മീഷനാണ് ആദ്യമായി സുസ്ഥിര വികസനമെന്ന ആശയം ലോകത്തിനുമുന്നിൽ തുറന്നത്.

-അതീന്ദ്ര കിരൺ പി.എസ്



# ***MOBILE PHONE BOON OR BANE***



***Mobile phones are a bane as well as a boon.If we use it in a good way it is boon and if we use it in a wrong way it turns into a bane.***

***Mobile phones has made our lives easier. All the informations are in our hands itself. It also has helped in keeping people in touch. It helps in good relationships between people, easy transfer of things etc. It has vanished off the boundaries between countries. It has contributed a lot in the technological sector.***

***But everything has two sides, so does the smart phone. Mobile phones causes a lot of problems also. Now a days cyber crimes are increasing a lot. People are going into a situation that hey can't live without smart***

*getting addicted to smart phone games. Even if smart phone gives us freedom to know whatever we want, but some people are misusing this freedom. All this will lead to a big social issue. It also will cause mental health issues. Children addicted towards mobile phones are said to have less IQ than those who are not.*

*So it's very important to change all these attitudes. We should use technology in a very good and innocent manner.*

*-Hanna Maria Aby*

*IX-A*

# തേൻകൊതി

മഹാകൊതിയനാണ് ടിങ്കു കരടി. അച്ഛൻ കൊണ്ടുവരുന്ന തേൻ ആർത്തിയോടെ അവൻ വായിലാക്കും. കൊച്ചനുജത്തിക്ക് കൊടുത്തില്ല. എന്നുമാത്രമല്ല അവളെ കുറിച്ച് ഒന്ന് ഓർക്കുകപോലും ചെയ്തില്ല എല്ലാ ദിവസവും ഇതേ പ്രവർത്തിതന്നെ അവൻ കാണിച്ചുകൊണ്ടിരുന്നു. സ്വഭാവത്തിൽ വല്ല മാറ്റവും ഉണ്ടായേക്കാം എന്നു കരുതി അച്ഛൻ കാത്തുനിന്നു. എന്നാൽ ടിങ്കുവിന് ഒരു മാറ്റവും ഉണ്ടായില്ല. ദിവസം കൂടുംതോറും അവന്റെ ആർത്തിയും കൂടിവന്നു. ഒരിക്കൽ അവന്റെ അച്ഛൻ അവനെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു. ഒരു ദിവസം അച്ഛൻ തേനുമായി വന്നപ്പോൾ പതിവുപോലെ അവൻ അടുത്തുകൂടി. എന്നാൽ അച്ഛൻ അവനുകൊടുക്കാതെ തേൻ അമ്മക്കും, ചേട്ടനും, അനുജത്തിക്കും കൊടുത്തു.

തനിക്കു തരാതെ തേൻ കുടിച്ചതിന്റെ വാശിയും സങ്കടവും അവന്റെ മനസ്സിൽ തിങ്ങിനിന്നു. അച്ഛൻ ടിങ്കുവിനൊട് പറഞ്ഞു. മോനെ നീ ചെയ്യുന്നത് തെറ്റാണെന്നു മനസ്സിലായില്ലേ. ആർക്കുംക്കൊടുക്കാതെ തേൻ മുഴുവൻ

വളരെ ദേഷ്യം വന്നു. അവൻ അവിടെ നിന്നും പോയി. അച്ഛനും അമ്മയും ഒരുപാട് വിളിച്ചിട്ടും അവൻ വന്നില്ല. പോകുന്ന വഴിക്ക് ഒരു മരത്തിൽ തേൻക്കൂട് കണ്ടു. തേൻ എടുക്കാൻവേണ്ടി മരത്തിൽ കയറി. അച്ഛൻ അത് ദൂരെ നിന്നു കണ്ടു. അവൻ കൂട് വലിച്ചിളക്കി.

ആ കൂട്ടിൽ തേനീച്ച ആയിരുന്നില്ല. കടന്നൽ കൂടായിരുന്നു അത്. ദേഷ്യം വന്ന് കടന്നൽ അവനെ കുത്തി. അവൻ ഓടിച്ചെന്ന് ഒരു തടാകത്തിൽ ചാടി. വെള്ളത്തിൽ കുറെ നേരം നിന്ന അവൻ അവശനായി.

അച്ഛൻ അവനെ തിരഞ്ഞ് തടാകത്തിൽ എത്തി. കടന്നലുകളെ ഒരുവിധത്തിൽ ഓടിച്ചു. മകനെ കെട്ടിപ്പിടിച്ചു.

അച്ഛൻ അവനെ വീട്ടിലേക്ക് കൊണ്ടുപോയി. മുറിവുകളിൽ അമ്മ തേൻ പുരട്ടിക്കൊടു ത്തു. അത്യാഗ്രഹം മനസ്സിലാക്കിയ അവൻ പിന്നീട് ഒരിക്കലും ഒറ്റക്ക് തേൻ കുടിച്ചിട്ടില്ല..............

-SALMAN

# മൃത്യു

എത്ര വാകം അതിത്രമേൽ

സത്യം സഹിച്ചൊരു ചക്രമുണ്ടോ....?

മൃത്യു...

ജാതിയും ഏതോ...

മതവും ഏതോ...

മനുഷ്യൻ മാംസം കാണുന്നതെന്തിനെന്നോ...

ഏവർക്കും മൃത്യു ഉണ്ടെന്നതെ തീർച്ച

പൂർവ്വ പുരാണമോ...

അമൃതം ലഭിച്ചവർ ആരുണ്ട്? ദൃശ്യമായി വിശ്വമിൽ

ഇത്രമേൽ മർത്യന് മൃത്യു അല്ലാതെന്തുണ്ട്?

ഏക സത്യമരുളുവാൻ

മണ്ണിന്റെ പുത്രാ... നിൻ മോഹങ്ങളെല്ലാരോന്നേ

മൃത്യു ബലിക്കാതെ മായുകില്ലേ....

- ആദിൽ

# കമ്പ്യൂട്ടർ വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന് പരമപ്രധാനമായ സ്ഥാനമുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അറിവുനേടുകയെന്നത് അലങ്കാരമോ ആവശ്യമോ മാത്രമല്ല അതിനപ്പുറം അത്യാവശ്യമാണ് എന്നതാണ് ഇന്നത്തെ പ്രത്യേകത. വിദ്യാഭ്യാസ പ്രക്രിയയിൽ പുതിയ ഒട്ടനേകം സംവിധാനങ്ങൾ ഇന്ന് നിലവിലുണ്ട്. സോക്രട്ടീസിന്റെ കാലം മുതൽ നിലനിന്നു പോരുന്ന ചോദ്യോത്തരരീതി മുതൽ എത്രയോ സമ്പ്രദായത്തിലുള്ള പഠനരീതികളാണ് ഇന്നുപയോഗിക്കുന്നത്.

പുതിയ സാങ്കേതിക മാർഗങ്ങൾക്ക് ഇവിടെ പ്രത്യേക പ്രാധാന്യമുണ്ട്. ഇതു കേൾക്കുമ്പോൾ കമ്പ്യൂട്ടറിന്റെ ചിത്രമാവും നമ്മുടെ മനസ്സിൽ തെളിയുന്നത്. മണിച്ചട്ടത്തിൽ തുടങ്ങി കാൽക്കുലേറ്ററിലൂടെ വളർന്ന് കമ്പ്യൂട്ടറിലെത്തി. ഇന്റർനെറ്റ് സൗകര്യങ്ങളുള്ള ഒരു സൈബർയുഗമാണിത്. അതിനാൽ കമ്പ്യൂട്ടറിനെ മാറ്റി നിർത്തി വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കാനാവില്ല. സാക്ഷരതയെന്നാൽ ഇന്നുദ്ദേശിക്കുന്നത് കമ്പ്യൂട്ടർ സാക്ഷരതയാണ്. നാം പ്രതീക്ഷിക്കുന്നതിലുമേറെ സാധ്യതകൾ ഈ രംഗത്തു കാഴ്ചവെക്കാൻ കമ്പ്യൂനു കഴിയും. വിജ്ഞാനം ശേഖരിക്കാനും വിവരങ്ങൾ സമ്പാദിക്കാനും സ്വപ്നസമാനമായ വേഗതയും കൃത്യതയുമാണ് കമ്പ്യൂട്ടർ നമുക്കു നൽകുന്നത്.

ഗവേഷണങ്ങളിലും ഉപരിപഠനങ്ങളിലും കമ്പ്യൂട്ടർ ഉപയോഗിക്കുന്നത് സർവ്വസാധാരണമായി തീർന്നിട്ടുണ്ട്. എന്നാൽ സ്കൂളുകളിൽ കമ്പ്യൂട്ടറിന് സ്ഥാനമെന്ത് എന്ന സംശയം ഇനിയും വിട്ടുമാറിയിട്ടില്ല. ഒരു പാഠ്യവസ്തുത ക്ലാസ്മുറിയിൽ അവതരിപ്പിക്കാനുള്ള പല വൈഷമ്യങ്ങളും കമ്പ്യൂട്ടറിൽ പരിഹരിക്കാൻ കഴിയും . പ്രായോഗികമായി പ്രയാസമുള്ള പഠനാനുഭവങ്ങൾ കമ്പ്യൂട്ടർ എളുപ്പത്തിൽ നൽകും.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കുമ്പോഴും കമ്പ്യൂട്ടർ വിദ്യാഭ്യാസം വളരെ ആവശ്യമായിത്തോന്നുന്നു. ഇന്നത്തെ കുട്ടികൾ നാളത്തെ പൗരന്മാരായി വളർന്നുവരുമ്പോൾ ഏറ്റവും പുതിയ ആയുധങ്ങളും സാധ്യതകളും അവരുടെ കൈയിലുണ്ടാകണം. അതു നേടാൻ കമ്പ്യൂട്ടറിന്റെ സഹായം അനിവാര്യമാണ്. വിജ്ഞാനവിസ്ഫോടനത്തിന്റെ ആധുനികയുഗത്തിൽ അറിവിന്റെ അനന്തചക്രവാളങ്ങളിലേക്ക് കടന്നുചെല്ലാൻ കമ്പ്യൂട്ടർ വിദ്യാഭ്യാസം പുതിയ തലമുറയെ സഹായിക്കുമെന്നതിൽ സംശയമില്ല.

-നിരഞ്ജന ദാസ്

# ഭാവി സ്വപ്നം

ഭൂമിയെ ഇഞ്ചിഞ്ചായി കൊന്നൊടുക്കുമീ
പ്ലാസ്സ്റ്റിക്കെ നിന്നെ കടത്തിവിടാനുള്ള
വാതിലുകൾ ഇന്നു തുറന്നിരിക്കുന്നു
ഹരിതരമണീയതയാൽ പച്ചപട്ടുടുത്ത-
യിവിടം കാർന്നു തിന്നുകൊട്ടും
നീജനായ കൊലയാളിയാണു നീ.....
വികസനമെന്ന നാലക്ഷരത്തിൽ
പ്രസരപ്പോടെ ഉന്മേഷത്തോടെ
ഉണരട്ടെയെൻ മാതാവ്
മലയിടിച്ചു താഴ്ത്താതെ പുഴയെതകർക്കാതെ-
യുള്ള ഒരു വികസനം എൻ
ഭാവി സ്വപ്നം

ശ്രീക എ.എൻ

# വികസനം

നന്മയാകുന്ന മനുഷ്യനു വികസനം
ദോഷമായി മാറുന്നു നാളെ വികസനം
പ്രകൃതിതൻ ദാനമാം ഗിരിനിര-
മാനവർ നശിപ്പിച്ചു വികസനം എന്ന പേരിൽ
മലിനമാക്കീടുന്നു നാമിന്നു നമ്മുടെ-
ജീവജല സ്രോതസ്സിൻ അരുവികളെ
ഭൂമിതൻ മണ്ണിൽ അധ്വാനിച്ചീടുന്ന-
കർഷകർ പോലും ഇല്ലായ്മ ചെയുന്നു മണ്ണിനെ
മർത്യർതൻ ദ്രോഹം അസഹനീയമാകയാൽ   പ്രതികരിക്കുന്നു
ഉഗ്രകോപിണ്ണിയായി പ്രകൃതി പോലും
വികസനം നടപ്പാക്കാൻ ഇല്ലായ്മ ചെയുന്നു-
സുന്ദരകോമള ധരണ്ണിയെ നാം
വികസനം വികസനം വികസനമെന്ന-
പേരിലായ് ചെയുന്നു ഇവയെല്ലാം നീജനാം മർത്യർ

-ആൽഡ്രിൻ സ്റ്റാൻലി

# റോസാപ്പൂവ്



അവൾക്കുകൊടുക്കാനായി  ഇന്നലെ മുറ്റത്തെ റോസാച്ചെടിയിൽ നിന്ന് ഞാൻ ഒരു റോസാപ്പൂവ് പറിക്കാൻ പോയി.അപ്പോൾ ചെടി എന്നോട് പറിക്കരുതേ എന്ന് അപേക്ഷിച്ചെങ്കിലും ഞാൻ അത് കേട്ടില്ല. എന്നാൽ റോസാപ്പൂ കൊടുത്തപ്പോൾ അവൾ എന്നോട് പറഞ്ഞു,അവൾക്ക് റോസാപ്പൂ ഇഷ്ടമല്ലെന്ന്.....

-ദിയ കെ മനോജ്

# RENEWABLE FORMS OF ENERGY



A renewable resource is a resource which can be used repeatedly and replaced naturally. There are many forms of renewable energy. Most of these renewable energies depend in one way or another on sunlight. Solar energy, wind energy hydropower geothermal energy and biomass energy are the various types of energies. Renewable energy sources have less impact on environment. So this are usually environmentally friendly than fossil fuels. It do not produce pollution or contribute to global warming. Renewable energy has numerous health and environmental benefits.

There are disadvantages too for renewables like higher upfront cost storage capabilities and geographic limitations.

-Fathima Thasni



# ആരൊക്കെ വന്നിടും

ആരൊക്കെ വന്നിടും ഞാൻ മരിച്ചീടുമ്പോൾ
അവസാനമായി എന്നെ ഒന്നു കാണാൻ (2)
ആരൊക്കെ വന്നെന്റെ മൂതുലമാം നെറ്റിയിൽ
അവസാന ചുംബനം തന്നു പോകും (2)
ഓർമ്മയിൽ നോവായി ഞാൻ മറഞ്ഞിടുമ്പോൾ
ആരൊക്കെ എന്നെ ഓർത്തു വെക്കും (2)
തണ്ണുത്തുറങ്ങീടുമെൻ മോഹങ്ങളൊക്കെയും
ആറടി മണ്ണോടു ചേർത്തിടും ഞാൻ (2)
ഓർമ്മകൾ നിറയുന്ന ചുണ്ടുകൾ വിതുമ്പുന്നു
കാഴ്ച്ചകൾ മങ്ങുന്നു കണ്ണീരിനാൽ (2)
പ്രിയസഖീ നീയെന്റെ  അരികിലുണ്ടാവണം
അവസാന മണ്ണും വീഴും വരെ (2)
ഇനി നിന്റെ സ്വപ്നത്തിലെന്നും എത്തിടും ഞാൻ
വിളിക്കാതെ എത്തുന്ന അതിഥി പോലെ (2)
പ്രിയസഖി നിന്നുടെ കണ്ണുനീർ തുള്ളിയാൽ
നനയട്ടെ എന്നുടെ മുഖമാകയും (2)
ചായുക നീയെന്റെ നെഞ്ചിലേക്ക്
അടരട്ടെ നിന്നുടെ ഓർമ്മകളും (2)
പ്രിയസഖീ നീയെന്റെ അരികിലുണ്ടാവണം
എൻ കണ്ണുകൾ നീ അടച്ചിടണം (2)
(ആരൊക്കെ..........)2

-ജിതിൻ 9F

# <u>അറവുശാലകളിലേക്കുള്ള ലോറികൾ</u>

എള്ളെണ്ണ മണം പൂർണ്ണമായി മാറാത്ത അമ്മയുടെ ഈറൻ മുടിയെ തലോടി രാമു ചോദിച്ചു:-എന്താ  അമ്മേ നമ്മുടെ സ്ഥലം ആ വല്യ കമ്പനിക്ക് നൽകാത്തേ....
കട്ട്യോളൊക്കെ എന്നോട് ദിവസവും മിണ്ടാണ്ടിരിക്ക്ന്ന്.മനസ്സിലേക്ക് ആഴ്ന്നിറങ്ങിയ ഓർമ്മയെപ്പിന്നെ  ഒരിടത്തൊതുക്കി വെച്ച് സുമ മകന്റെ നെറുകയിൽ
 തലോടി ഒന്നു പുഞ്ചിരിച്ചു.തന്റെ ഇരുപതാം വയസ്സിൽ വരുന്നത് വരട്ടെ എന്നുവച്ച്,സകലമാന യുദ്ധങ്ങളും കഴിച്ചു കൂട്ടി ജയേട്ടന്റൊപ്പം ഈ വീട്ടിൽ വന്നു കയറിയതാ..... ഇന്നിപ്പോ  വയസ്സ് മുപ്പത്തെട്ട് കഴി ഞ്ഞു.ഒരിക്കൽ ഒരു മഴക്കാലത്ത് ജയേട്ടൻ  കയ്യെത്താദൂരത്തേക്ക് തന്നെതനിച്ചാക്കി പോയപ്പോഴും, പതറാതെ ഒരാൺകുഞ്ഞിനേം കൊണ്ട് തലയുയർത്തി നിന്നതാണ് എന്നിട്ടിപ്പോ....എന്തായലും വേണ്ടില്ല്യ എല്ലാവർക്കും സന്തോഷാവട്ടെ.അമ്മേ നമ്മെടെ നാട്ടിൽ പുതിയ കമ്പനിവരുന്നുണ്ട്  എന്നും പറഞ്ഞ് തുള്ളിയ രാമൂനാദ്യം നല്ലോണം കേട്ടു.നാട്ടിൽ വരുന്ന കൊക്കോക്കോള  കമ്പനിയെ എതിർക്കാൻ സുമ മാത്രമാണ് .പെൺകരുത്ത് കാട്ടിയത് എന്നിട്ടും ഒരു ഫലവുമുണ്ടായില്ല.നാട്ടാരും ഇവിടുത്തെ വീട്ടുകാരും ഒരുപാട് പഴി പറഞ്ഞു നെല്ല് കൊയ്യാൻ പോണ പെണ്ണുങ്ങക്കൊക്കെ സുമേനോട് പുച്ഛമാണ്.അല്ലേലും ഒരു തന്റേടി....... അവളുടോരോ പുത്യേ കണ്ടുപിടുത്തങ്ങളേ... പരിസ്ഥിതിക്ക് ദോഷം വരും പോലും! രാമനും കൂട്ടുകാർക്കും ആകെ മൊത്തം സന്തോഷാണ്. പുത്യേ കുറേ കോട്ടും സൂട്ടും ആളോള് പുത്തൻ വണ്ടികൾ, പുതിയ കമ്പനി,അവരുടെയൊക്കെ സംസാരം എല്ലാങ്ങിനെ  നോക്കി നിക്കും
എല്ലാവരും.ഒടുവിൽ സുമയും ആപ്പീസിൽ പോയി.തിങ്ങിനിറഞ്ഞ കുറേ ഒപ്പുകൾക്കിടയിൽ എന്തിനു ഒളിപ്പിക്കുന്നു? പണി തുടങ്ങി.കെട്ടിട സമുച്ചയം ഉയർന്നുപൊങ്ങി.നാട്ടിലെ ഭൂരിഭാഗം പേർക്കും ജോലികിട്ടും പാടവും കാലിയും ആർക്കും വേണ്ടാതായി പൊഴയെല്ലാം ഏതോ ദിക്കിലേക്ക് യാത്രയായി.കുന്നുകളെല്ലാം ഇടിച്ചുനിർത്തി കെട്ടിട സമുച്ചയങ്ങൾ ഓരോ വർഷവും മാറിവന്ന സർക്കാരുകളോരോന്നും വികസനങ്ങൾ നിരത്തി!
രാമു ഇന്ന് പത്തിലാണ് പഠിക്കണത്.അമ്മയ്ക്ക് കമ്പനീൽ ജോലികിട്ടിയതുകൊണ്ട് ഇപ്പ മുണ്ടുമുറിക്കികെടക്കേണ്ടി വരുന്നില്ല.
അമ്മേ വിശക്കുന്നു വല്ലതും തിന്നാൻ താ........
ആദ്യം പോയി മേല് കഴികീട്ട് വാ.. തീൻമേശയിൽ ഇരുന്നപ്പോഴും രാമുവിന്റെ മനസ്സിൽ ഇന്ന് സാറ് പറഞ്ഞ കാര്യങ്ങൾ അലയടിച്ചു .
അമ്മേ ഇന്ന് സാറ് കുറേ ജോലികളെക്കുറിച്ച്  പറഞ്ഞു ഈ കുഗ്രാമത്തിൽ

നിന്നിട്ട് വല്ല്യകാര്യമൊന്നുമില്ല പുറത്തുപോയി പഠിച്ചൊന്ന് പച്ചപിടിക്കണം. ഞാൻ ഡൽഹിയിൽ പോവ്വാ കുറച്ച് പണം വേണം അമ്മേടെ മാല വിക്കണം അമ്മ വരണമെന്നില്ല്യാ അമ്മക്ക് അവിടത്തെ ചുറ്റുപാടൊന്നും പിടികില്ല്യാ എല്ലാം സുമ ഒരു പുഞ്ചിയോടെ സമ്മതം മൂളി കാലത്തിന്റെ ഒഴുക്കിൽ മകൻ അമ്മയെ മറന്നു പോയി. ശ്യേ.......കരണ്ട് പോയി K S C B കാരേ ചീത്ത പറഞ്ഞുകൊണ്ട് വിശ്ണു ബാറ്റുമെടുത്ത് പുറത്തിറങ്ങി ശ്യോ എന്നാലും ആ സിനിമയുടെ ബാക്കി എന്തായിരിക്കും.. ഒരു നിമിഷംഅവനൊന്ന് തിരിഞ്ഞുനോക്കി എവിടെയൊക്കെയോ എന്തൊക്കെയോ സാമ്യം അവന്റെ കണ്ണുകളിൽ നനവു പടർന്നു. തനിക്കായി ജീവിതം ഒഴിഞ്ഞുവെച്ച അമ്മയുടെ മുഖം അവനുമുന്നിൽ തെളിഞ്ഞുവന്നു പഴയഡയറി പൊടിതട്ടിയെടുത്ത് അവൻ അമ്മയെ വിളിച്ചു മൗനം..................ആ മൗനത്തിൽ ഒരു കഥതന്നെയുണ്ടായിരുന്നു ഒരു നീണ്ട കഥ.

*I miss you mom.................................*

by Fiyona Smitha Shaju
IX A



-തുഷാർ ടോം

# തടയാം അശാസ്ത്രീയമായ വികസനം

ഭൂമി നമ്മുടെ അമ്മയാണ്.ചില വികസനം കാരണം ഭൂമി നശിക്കുകയാണ്.ഒരു കെട്ടിടം ഉണ്ടാകാൻ വേണ്ടി നമ്മൾ കുന്നുകൾ നികത്തുകയും കെട്ടിടം പണിയുകയും ചെയ്യും അതുമൂലം ധാരാളം പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകും .അത് നമ്മുക്ക് അനുഭവമുണ്ട്.

ഇന്ന് ഭൂമി നേരിട്ട് കൊണ്ടിരിക്കുന്ന ഏറ്റവും വലിയ ദുരന്തമാണിത്.

ക്വാറികൾ,ബുദ്ധിശൂന്യമായ ടൂറിസം പദ്ധതികൾ,അണക്കെട്ടുകളുടെ നിർമ്മാണം,കേരളത്തിലെ കാടുകൾ കയ്യേറ്റം എന്നിവ ആവാസവ്യവസ്ഥയെ സ്വാധീനിച്ചു.ഇത് സസ്യജന്തുജാലങ്ങളുടെയും തദ്ദേശവാസികളുടെയും സന്തുലിതാവസ്ഥയെ ബാധിക്കുന്നു.നമ്മെയും ഭാവിതലമുറയെയും രക്ഷിക്കാൻ നമ്മൾ അശാസ് ത്രീയമായ വികസനം തടയണം.അശാസ്ത്രീയമായ വികസനം കാരണം ഭൂമികുലുക്കം,മണ്ണിടിച്ചിൽ,മഴലഭ്യതക്കുറവ്,വംശനാശം എന്നിങ്ങനെ പല പ്രത്യാഘാതങ്ങളും സംഭവിക്കുന്നു.വികസനം കാരണം നഗരത്തിലേക്കുള്ള മനുഷ്യരുടെ കടന്നുകയറ്റം ഭൂമിയെ പലരീതിയിൽ ബാധിക്കുന്നു.മനുഷ്യരുടെ കടന്നുകയറ്റം വെള്ളത്തെയും സമതലത്തെയും ഭൂമിയുടെ നിലനിൽപ്പിനെയും ബാധിക്കുന്നു.ഇതു നമ്മുക്ക് തടയണം.ഭൂമിയെ സംരക്ഷിക്കണം.



# Ohana





# Nirmala High School Thariode

## Little Kites Members



# നന്ദി

കുട്ടികളുടെ സർഗവാസന വളർത്താൻ
വേണ്ടി ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ
ഒരുക്കിയ 'ഓഹാന ' എന്ന മാഗസിന്റെ
എല്ലാ ആസ്വാദകർക്കും നന്ദി.........